മാതൃഭൂമി
22 October 2024

# കരൾ സംരക്ഷണം: കടൽപായൽ ഉത്പന്നം വിപണിയിൽ

കൊച്ചി ▸ കരൾ സംരക്ഷണത്തിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) കടൽപായലിൽനിന്നു വികസിപ്പിച്ച പ്രകൃതിദത്ത ഉത്പന്നം (ന്യൂട്രാസ്യൂട്ടിക്കൽ) വിപണിയിൽ.

ഗ്രീൻടെക്സ് എന്ന പേരിലുള്ള ഉത്പന്നത്തിന്റെ വിപണനോദ്ഘാടനം മന്ത്രി പി. രാജീവ് നിർവഹിച്ചു.

സി.എം.എഫ്.ആർ.ഐ.യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉത്പന്നം വിപണിയിലെത്തിക്കുന്നത് സ്വകാര്യ കമ്പനിയായ എമിനിയോ ടെക്കാണ്.

കടൽപായലിലെ ഗുണകരമായ ബയോ ആക്ടീവ് ഘടകങ്ങൾ ഉപയോഗിച്ചാണ് ഉത്പന്നം വികസിപ്പിച്ചിരിക്കുന്നത്.